**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 264** — **13-07-2022 - ൽ മറുപടിയ്ക്ക്**

**തൊട്ടറിയാം പി.ഡബ്ല്യു.ഡി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തൊട്ടറിയാം പി.ഡബ്ല്യു.ഡി. എന്ന പേരിൽ പ്രത്യേക പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തു നടത്തുന്ന പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിലുള്ള പദ്ധതി പുരോഗതി അവലോകനത്തിനും മാനേജ്മെന്റിനും, പൊതുജനങ്ങൾക്ക് പദ്ധതി പുരോഗതി സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനും, കൂടാതെ പദ്ധതി നടത്തിപ്പിൽ വിവിധ വിഭാഗങ്ങളുടെ ഏകോപനവും സഹകരണവും ഉറപ്പാക്കി അതുവഴി പദ്ധതി നടത്തിപ്പിലെ പ്രശ്നങ്ങൾ കൂടുതൽ വേഗത്തിൽ പരിഹരിച്ച കാലതാമസമില്ലാതെ പദ്ധതി പൂർത്തീകരിക്കുന്നതിനും വേണ്ടിയുള്ള ഒരു ഓൺലൈൻ പ്രോജക്ട് മാനേജ്മെന്റ് സോഫ്റ്റ് വെയർ പൊതുമരാമത്ത് വകുപ്പ് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ സഹകരണത്തോടെ വികസിപ്പിച്ച നടപ്പിലാക്കിയിട്ടുണ്ട്. ഇപ്പോൾ ഈ സിസ്റ്റത്തിൽ പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്കും, പൊതുജനങ്ങൾക്കും, ജില്ലാ കളക്ടർമാർക്കും, നിയമസഭാ സാമാജികർക്കും, പദ്ധതി പുരോഗതി വിലയിരുത്താനും ഏകോപിപ്പിക്കാനും, ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് ലോഗിൻ ചെയ്ത പദ്ധതി പുരോഗതി വിലയിരുത്താനും, പദ്ധതി നിർവ്വഹണത്തിൽ തങ്ങളുടെ അഭിപ്രായങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുവാനും സാധിക്കും. പദ്ധതികളുടെ നിജസ്ഥിതി വിവരങ്ങൾ ഓൺലൈൻ ആയി കിട്ടുന്നതിന് ഈ സോഫ്റ്റ് വെയറിനെ പ്രൈസ്-3 സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഈ ഓൺലൈൻ സോഫ്റ്റ് വെയറിന്റെ ഔപചാരികമായ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി 20.04.2022 ന നിർവ്വഹിക്കുകയുണ്ടായി.<br>https://thottariyampwd.kerala.gov.in/ എന്ന |

| | | | |
|---|---|---|---|
| | | | വെബ് അഡ്രസ്സിൽ ഈ സോഫ്റ്റ് വെയറിന്റെ ആപ്ലിക്കേഷൻ ലഭ്യമാണ്. |
| (ബി) | പൊതുമരാമത്ത് പ്രവൃത്തികളിൽ സുതാര്യത, വേഗത, കാര്യക്ഷമത എന്നിവ ഉറപ്പ് വരുത്തുന്നതിൽ പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമാണ്; വിശദമാക്കാമോ; | (ബി) | പൊതുമരാമത്ത് പ്രവൃത്തികളിൽ സുതാര്യത, വേഗത, കാര്യക്ഷമത എന്നിവ ഉറപ്പ് വരുത്തുന്നതിൽ പ്രസ്തുത പദ്ധതി വളരെയധികം സഹായകമാകും എന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ നിജസ്ഥിതി വിവരങ്ങൾ പൊതുജനങ്ങൾക്കും ബന്ധപ്പെട്ട കരാറുകാർ, ജില്ല കളക്ടർ, ജനപ്രതിനിധികൾ എന്നിവർക്കും ഏതു സമയത്തും ഓൺലൈൻ ആയി കാണുന്നതിനും അതിന്മേൽ അഭിപ്രായങ്ങളും തീരുമാനങ്ങളും ഇടപെടലുകളും നടത്താവുന്നതും കൊണ്ട് പദ്ധതി നടത്തിപ്പിലെ പ്രശ്നങ്ങൾ വളരെവേഗം പരിഹരിച്ച മുന്നോട്ടു പോകാനാകും. |
| (സി) | പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പ്രൈസ് സോഫ്റ്റ് വെയർ, ഇ-ഓഫീസ് എന്നിവ പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പൊതുമരാമത്തു വകുപ്പിന്റെ പദ്ധതി നിർവ്വഹണ സോഫ്റ്റ് വെയർ ആയ പ്രൈസ് സോഫ്റ്റ് വെയർ ഇപ്പോൾ പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച വെർഷനായ പ്രൈസ്-3 ആണ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും വകുപ്പിൽ ഇപ്പോൾ ഉപയോഗിക്കുന്നത്. ഈ സോഫ്റ്റ് വെയർ തൊട്ടറിയാം പി.ഡബ്ല്യു.ഡി എന്ന ഓൺലൈൻ പ്രോജക്റ്റ് മോണിട്ടറിംഗ് ആന്റ് മാനേജ്മെന്റ് സിസ്റ്റവുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ആയതിനാൽ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങളും അതിന്റെ നടത്തിപ്പിലെ നിജസ്ഥിതി വിവരങ്ങളും തൊട്ടറിയാം പി.ഡബ്ല്യു.ഡിയിൽ അപ്ഡേറ്റ് ആകുന്നതാണ്. കൂടാതെ വകുപ്പിൽ പൂർണ്ണമായും ഇ-ഓഫീസ് സംവിധാനവും നടപ്പാക്കിയിട്ടുണ്ട്. ഈ മൂന്ന് ഓൺലൈൻ സംവിധാനങ്ങളും പദ്ധതി നിർവ്വഹണത്തിൽ കാര്യക്ഷമത ഉറപ്പുവരുത്താൻ സഹായിക്കും. |

സെക്ഷൻ ഓഫീസർ